കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 01.07.2020

# തലശ്ശേരി - വളവുപാറ റോഡ് ഉടൻ പൂർത്തീകരിക്കും - മന്ത്രി ജി.സുധാകരൻ

കണ്ണൂർ ജില്ലയിലെ തലശ്ശേരി - കളറോഡ്, കളറോഡ് - വളവുപാറ എന്നീ കെ.എസ്.ടി.പി പ്രവൃത്തികൾ പുനഃരാരംഭിച്ചുവെന്നും, ഉടൻ പൂർത്തീകരിക്കുമെന്നും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു. കള റോഡ് - വളവുപാറ പ്രവൃത്തിയിലെ കൂട്ടുപുഴ പാലത്തിന്റെ ഒരു വശം കർണ്ണാടക അതിർത്തിയുമായി ബന്ധിപ്പിക്കുന്നതാണ്. എന്നാൽ അവിടത്തെ വനം വകുപ്പിന്റെ അനുമതി ലഭിക്കാൻ മൂന്നു വർഷത്തിലധികം കാലതാമസം നേരിട്ടു. കേരള സർക്കാർ ഇതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും, അനുമതി ലഭിക്കുകയുണ്ടായില്ല. പൊതുമരാമത്ത് വകുപ്പ് മന്ത്രി കത്തെഴുതുകയും ഉദ്യോഗസ്ഥ തലത്തിലെ നിരന്തര സമ്മർദ്ദവും നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അനുമതി ലഭിച്ചത്. കർണ്ണാടക സർക്കാരിന്റെ അനുവാദത്തോടെ കേന്ദ്ര സർക്കാരിന്റെ വനം-വന്യജീവി വകുപ്പിന്റെ 57-ാമത് സ്റ്റാന്റിംഗ് കമ്മിറ്റി അനുമതി നൽകുകയാണുണ്ടായത് എന്നു മന്ത്രി അറിയിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ പണി ഉൾപ്പെടെയുള്ള പ്രവൃത്തികൾ പുനരാരംഭിക്കാൻ കരാർ കമ്പനിക്കു കെ.എസ്.ടി.പി നിർദ്ദേശം നൽകുകയും പ്രവൃത്തി വീണ്ടും തുടങ്ങുകയും ചെയ്തിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രവൃത്തി പൂർണ്ണതോതിൽ നിർവ്വഹണം നടത്തുന്നതിനു തടസ്സങ്ങൾ ഉണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ഉദ്യോഗസ്ഥർക്കും കരാറുകാർക്കും നിർദ്ദേശം നൽകിയതായി മന്ത്രി ജി.സുധാകരൻ പറഞ്ഞു.